LIBRARY ARCHIVES Kerala Legislative Assembly

ശ്രീനാരായണ ഗുരുദേവ അന്താരാഷ്ട്ര പഠനകേന്ദ്രം

49 [1181] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്പഴന്തിയിൽ ശ്രീനാരായണഗുരുദേവ അന്താരാഷ്ട്ര പഠനകേന്ദ്രത്തിനായി 50 ലക്ഷം രൂപ അനുവദിച്ചതിൽ എന്തു തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ അവസ്ഥയെന്താണ്; പ്രസ്തുത കേന്ദ്രം തുടങ്ങുവാനുള്ള സ്ഥലം വാങ്ങിയോ; എങ്കിൽ എത്ര സ്ഥലം; എവിടെയാണ് വാങ്ങിയത് എന്ന് വിശദാംശം വെളിപ്പെടുത്തുമോ;

(സി) പഠനകേന്ദ്രം അടിയന്തിരമായി പൂർത്തീകരിച്ച് ശ്രീനാരായണ ഗുരുദേവനെക്കുറിച്ചുള്ള ഗവേഷണ പഠനപദ്ധതികൾക്ക് സാഹചര്യം ഒരുക്കുമോ?

ഉത്തരം

(എ) തുക അനുവദിച്ചു കിട്ടുന്നതേയുള്ളൂ.

(ബി) പഠനകേന്ദ്രം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുവേണ്ടി റിട്ട. ജോയിന്റ് സെക്രട്ടറി, ജി. എ. ഡി., ശ്രീ. എൻ. വിജയകുമാരനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പഠന കേന്ദ്രത്തിന് വേണ്ടി സ്ഥലം വാങ്ങിയിട്ടില്ല.

(സി) അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പന്തളത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യ വികസന പരിപാടികൾ

50 [1182] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന്റെ പ്രത്യേകത പരിഗണിച്ചും തിരുവാഭരണം ഇരിക്കുന്ന സ്ഥലവുമെന്ന നിലയിൽ പന്തളത്ത് അടുത്ത ശബരിമല സീസണ് മുമ്പ് അയ്യപ്പ ഭക്തർക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പരിപാടികൾ നടത്തുവാനാണ് ദേവസ്വം ബോർഡും സർക്കാരും ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷം ഇടത്താവളമായി പ്രഖ്യാപിക്കപ്പെട്ട പന്തളത്ത് അടിസ്ഥാന സൗകര്യവികസനത്തിന് പന്തളം ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളെ സഹകരിപ്പിച്ചുകൊണ്ട് കൂടുതൽ വികസന പരിപാടികൾ അടിയന്തിരമായി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് പന്തളം വലിയ കോയിക്കൽ ക്ഷേത്രത്തിന്റെ അറ്റകുറ്റ പണികൾ, ദേവസ്വം ബോർഡിന്റെ കൈവശമുള്ള ഭൂമിയുടെ ലഭ്യത അനുസരിച്ച് കൂടുതൽ ശൗചാലയങ്ങളുടെ നിർമ്മാണം, കുടിവെള്ള വിതരണത്തിന് കൂടുതൽ കൗണ്ടറുകൾ തുറക്കുക, തീർത്ഥാടകരുടെ സുരക്ഷയ്ക്കായി കുളിക്കടവിൽ ബാരിക്കേടുകൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പന്തളത്ത് ദേവസ്വം ബോർഡ് നടത്താനുദ്ദേശിക്കുന്നത്. കൂടാതെ മണികണ്ഠൻ ആൽത്തറ മുതൽ ക്ഷേത്രം വരെ തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥലം ലഭ്യമാക്കിയാൽ നടപ്പന്തൽ നിർമ്മാണ പദ്ധതി ദേവസ്വം ബോർഡിന്റെ പരിഗണനയിലുണ്ട്. സ്ഥലം ലഭ്യമാകുന്ന പക്ഷം പണികൾ ഈ ഉൽസവകാലത്തിനു മുമ്പ് തന്നെ തീർക്കുവാൻ കഴിയുമെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) സ്ഥലം ലഭ്യമല്ലാത്തതാണ് വികസന പദ്ധതികൾക്ക് പ്രധാന തടസ്സം. ഇത് പരിഹരിക്കപ്പെടുന്ന മുറയ്ക്ക് വികസന പരിപാടികൾ ത്വരിതപ്പെടുത്താവുന്നതാണ്.

ക്ഷേത്രങ്ങൾക്ക് എച്ച്. ആർ. ആന്റ് സി. കമ്മീണർ മുഖേന നൽകിവരുന്ന സാമ്പത്തിക സഹായം

51 [1183] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് എച്ച്. ആർ. ആന്റ് ഡി. കമ്മീഷണർ മുഖേന സാമ്പത്തിക സഹായം നൽകിവരുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ജില്ലയിൽ അത്തരം സാമ്പത്തിക സഹായം നൽകുന്ന ക്ഷേത്രങ്ങളുടെ ലിസ്റ്റും അവസാനം ഓരോ ക്ഷേത്രത്തിനും നൽകിയ സഹായധനവും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സാമ്പത്തിക സഹായം നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ക്ഷേത്രജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly